(ബി) വൈദ്യുതി രംഗം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ ഓഫീസ് വഴി എന്തൊക്കെ ജനകീയാസൂത്രണ പദ്ധതികൾ 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഈ വർഷങ്ങളിൽ വൈദ്യുതി ബോർഡ് നടപ്പാക്കാനുണ്ടായിരുന്ന ജനകീയാസൂത്രണപദ്ധതികൾ ഏതൊക്കെയായിരുന്നുവെന്നും അവയുടെ തുക എത്രയെന്നും, നടപ്പാക്കി കഴിഞ്ഞ പദ്ധതികൾ ഏതൊക്കെയെന്നും എന്ത് തുക ഓരോ പദ്ധതികൾക്കും ചെലവായിട്ടുണ്ടെന്നും ഉള്ളതിന്റെ വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ഡി) വൈദ്യുതി ബോർഡ് നടപ്പാക്കേണ്ട ജനകീയാസൂത്രണ പദ്ധതികൾ ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കാൻവേണ്ടി പഞ്ചായത്ത് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടോ ; എങ്കിൽ നടപ്പാക്കാൻ കാലതാമസമുണ്ടാകുമെന്നത് എന്തു കൊണ്ടാണെന്നതും എന്ത് തുക ഏതെല്ലാം പദ്ധതികൾക്കുവേണ്ടി ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെന്നും നടപ്പാക്കിയിട്ടുള്ളതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കരിനിലക്കോട്ട് എന്ന സ്ഥലത്ത് 700 മീറ്റർ 11 കെ. വി ലൈൻ വലിച്ച് ഒരു 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ചു. പറമ്പിൽ ടെംമ്പിൾ എന്ന സ്ഥലത്ത് 350 മീറ്റർ 11 കെ.വി. ലൈൻ വലിച്ച് ഒരു 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ചു. കൂടാതെ, ഗുരുമന്ദിരം എന്ന സ്ഥലത്ത് 800 മീറ്റർ 11 കെ.വി. ലൈൻ വലിച്ച് 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ഒരു എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) 1997-98 - ഇല്ല.

1998-99 - 8,08,150 രൂപയുടെ ആറ് വർക്കുകൾ ചെയ്തിട്ടുണ്ട്.

1999-2000 - ഇല്ല.

(സി&ഡി) ബോർഡുവഴി നടപ്പാക്കേണ്ടുന്ന ജനകീയാസൂത്രണ പദ്ധതികൾ നടപ്പാക്കാൻ ഇപ്പോൾ കാലതാമസം ഉണ്ടാക്കുന്നില്ല. വിശദാംശം താഴെ കൊടുക്കുന്നു.

	1997-98	1998-99	1999-2000
ജോലികളുടെ എണ്ണം	4680	3815	533
അടച്ച തുക കോടിയിൽ	34.39	25.88	4.02
നടപ്പാക്കിയ ജോലികളുടെ എണ്ണം	3785	1516	-
ചെലവായ തുക (കോടിരൂപ)	26.67	8.63	2.75

കെ. എസ്. ഇ. ബി. ജീവനക്കാരുടെ പി.എഫ്.

115 (1782) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കെ. എസ്. ഇ. ബി. ജീവനക്കാരുടെ പി. എഫ്.അക്കൗണ്ടിൽ 15-2-2000 വരെ മൊത്തം. എത്ര തുകയുണ്ട്;

(ബി) പി. എഫ്-ന് പ്രത്യേക അക്കൗണ്ട് തുടങ്ങുവാനുള്ള നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) 1996 മുതൽ പി.എഫ്. ഇനത്തിൽ ഓരോ വർഷവും എന്ത് തുക വീതം ലഭിച്ചു ;

(ഡി) 1996 മുതൽ ഓരോ വർഷവും ഇതിൽ നിന്നും ജീവനക്കാർക്ക് എന്തു തുക ലോൺ നൽകി ;

(ഇ) ബാക്കി തുക ഓരോ വർഷവും ഏതൊക്കെ ഇനങ്ങളിൽ ചെലവഴിച്ചു എന്നതിന് വ്യക്തമായ കണക്കുകളുണ്ടോ ;

(എഫ്) എങ്കിൽ ഓരോ ഇനത്തിലും ചെലവഴിച്ച തുക എത്രയാണ് ;

(ജി) ബാക്കി എന്ത് തുക ഇപ്പോൾ പി. എഫ്. അക്കൗണ്ടിൽ ഉണ്ടെന്നറിയിക്കുമോ ?

ഉത്തരം

(എ) 15-2-2000 വരെയുള്ള കണക്കുകൾ തയ്യാറായിട്ടില്ല. എന്നാൽ 1998-99-ലെ ബോർഡിന്റെ താൽക്കാലിക വാർഷിക കണക്കുപ്രകാരം 31-3-1999-ലെ പി.എഫ്-അക്കൗണ്ടിലെ ബാലൻസ് 288.88 കോടി രൂപയാണ്.

(ബി) നിലവിലുള്ള സമ്പ്രദായത്തിൽ ബോർഡ് ജീവനക്കാരുടെ പി. എഫ്. സുരക്ഷിതമാണ്. സർക്കാർ പ്രോവിഡന്റ് ഫണ്ടിന്റെ നിയമാവലി അനുസരിച്ചാണ് ഇവിടുത്തെ പ്രോവിഡന്റ് ഫണ്ടും പ്രവർത്തിക്കുന്നത്.

(സി) ബോർഡിന്റെ വാർഷിക കണക്ക് അനുസരിച്ച് 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിലെ പി. എഫ്. നിക്ഷേപിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

വർഷം	നിക്ഷേപം രൂപ കോടിയിൽ
1996-97	136.35
1997-98	121.13
1998-99	118.24

(താൽക്കാലിക വാർഷിക കണക്ക്)

(ഡി) ബോർഡിന്റെ വാർഷികകണക്ക് പ്രകാരം 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിൽ പി. എഫ്. അക്കൗണ്ടിൽ നിന്നും നൽകിയ വായ്പകൾ/ തിരിച്ചടയ്ക്കേണ്ടതില്ലാത്ത പിൻവലിക്കലുകൾ/അന്തിമ പിൻവലിക്കലുകൾ എന്നീ ഇനങ്ങളിൽ നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വർഷം	തുക (കോടിയിൽ)
1996-97	73.38
1997-98	106.05
1998-99	109.21

(താൽക്കാലിക കണക്ക്)

(ഇ&എഫ്) ബാക്കിതുക ബോർഡിന്റെ പദ്ധതി പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയുണ്ടായി. 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിൽ ബോർഡിന്റെ കാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് അനുസരിച്ച് പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവായ തുക.

വർഷം	ചെലവായ തുക കോടിയിൽ
1996-97	491.54
1997-98	548.60
1998-99	802.18

ഈ തുകയിൽ പി.എഫ്. അക്കൗണ്ടിൽ നിന്നും ചെലവായ തുകയും ഉൾപ്പെടുന്നു.

(ജി) 31-3-1999-ലെ പി.എഫ്. അക്കൗണ്ടിലെ ബാലൻസ് 288.88 കോടി രൂപയാണ്.

കെ.എസ്.ഇ.ബി. ഓഫീസുകളിൽ ഓഫീസ് സമയത്തുള്ള സംഘടനകളുടെ മീറ്റിംഗ്

116 (1783) ശ്രീ. എം. കെ. മുനീർ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിലെ വിവിധ കെ. എസ്. ഇ. ബി. ഓഫീസുകളിൽ ഓഫീസ് സമയത്ത് സംഘടനകൾ മീറ്റിംഗുകളും മറ്റും നടത്തുന്നതിനെക്കുറിച്ച് അന്വേഷിക്കുമോ ;

(ബി) ഇതു തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഇനിയും എന്തൊക്കെ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ഓഫീസ് സമയത്ത് ഓഫീസിൽ വച്ച് സംഘടനായോഗങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരം യോഗങ്ങൾ നടന്നാൽ തടയാൻ വേണ്ട ഏർപ്പാട് ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly